# കേരള സർവകലാശാല

നം.പി.ആർ.275/2018 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2018 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോഇൻഫർമാറ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 19 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

2019 ജനുവരി 7 ന് ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഹ്യൂമൻ റൈറ്റ്സ് (PGDHR) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ കേന്ദ്രം 2018 ഡിസംബർ 11 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ എം.കോം പരീക്ഷകൾ 2019 ജനുവരി 3 മുതൽ ആരംഭിക്കുന്നതാണ്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

ഒന്നും മൂന്നും സെമസ്റ്റർ ബി.ടെക് (2013 സ്കീം) പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് സപ്ലിമെന്ററി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ഡിസംബർ 19 ന് ആരംഭിക്കും. പിഴ കൂടാതെ 2019 ജനുവരി 3 വരെയും 50 രൂപ പിഴയോടെ ജനുവരി 5 വരെയും 125 രൂപ പിഴയോടെ ജനുവരി 7 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജനുവരി 23 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.സി.എ (2015 സ്കീം) റഗുലർ & സപ്ലിമെന്ററി, നാലാം സെമസ്റ്റർ എം.സി.എ (2011 സ്കീം) സപ്ലിമെന്ററി (2013 & 2014 അഡ്മിഷനുകൾ) പരീക്ഷകൾക്കും, 2019 ഫെബ്രുവരി 4 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.സി.എ (2015 സ്കീം) റഗുലർ & സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ എം.സി.എ (2011 സ്കീം) സപ്ലിമെന്ററി (2013 & 2014 അഡ്മിഷനുകൾ), പരീക്ഷകൾക്കും പിഴ കൂടാതെ 2019 ജനുവരി 4 വരെയും 50 രൂപ പിഴയോടെ ജനുവരി 7 വരെയും 125 രൂപ പിഴയോടെ ജനുവരി 10 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷ മാറ്റി

2018 ഡിസംബറിൽ ആരംഭിച്ച ഒന്നാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ ഡിസംബർ 21 ന് നടത്താനിരുന്ന BAHE 115 - ഇന്ത്യൻ റിനൈസെൻസ് പരീക്ഷ 2019 ജനുവരി 4 ാം തീയതിയിലേക്ക് മാറ്റിയിരിക്കുന്നു.

## പരീക്ഷാഫലം

2018 ആഗസ്റ്റിൽ നടത്തിയ ബി.എസ്.സി (ആന്വൽ സ്കീം) പാർട്ട് മൂന്ന് സബ്സിഡിയറി വിഷയങ്ങൾക്കുള്ള മേഴ്സി ചാൻസ് പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2019 ജനുവരി 17 വരെ അപേക്ഷിക്കാം.

2018 നവംബറിൽ നടത്തിയ എം.ടെക് കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡിജിറ്റൽ ഇമേജ് കമ്പ്യൂട്ടിംഗ് (2016 – 2018) (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## അവധി

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന എല്ലാ കോഴ്സുകൾക്കും ഡിസംബർ 21 മുതൽ 30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല.

## പി.ടി.എ മീറ്റിംഗ്

യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിലെ ഒന്നാം വർഷ ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി, കമ്പ്യൂട്ടർ സയൻസ് ബ്രാഞ്ചുകളുടെ പി.ടി.എ മീറ്റിംഗ് 2019 ജനുവരി 5 ന് രാവിലെ 10 മണിക്ക് എഞ്ചിനീയറിംഗ് കോളേജ് സെമിനാർ ഹാളിൽ നടത്തുന്നതാണ്. എല്ലാ രക്ഷാകർത്താക്കളും കൃത്യസമയത്ത് എത്തിച്ചേരുക.

## അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം സർവകലാശാല ഡിപ്പാർട്ട്മെന്റ് വിദ്യാർത്ഥികൾക്കായി കുറഞ്ഞ ഫീസ് നിരക്കിൽ കോഴ്സുകൾ സംഘടിപ്പിക്കുന്നു. സർവകലാശാലയുടെ വിവിധ വകുപ്പുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് കോഴ്സ് കാലാവധി: 4 മാസം, ഫീസ്: 4000 രൂപ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ് കാലാവധി: 6 മാസം, ഫീസ്: 6000 രൂപ. ഉയർന്ന പ്രായപരിധിയില്ല. കാര്യവട്ടം ക്യാമ്പസിൽ വച്ചാണ് ക്ലാസുകൾ സംഘടിപ്പിക്കുന്നത്. വിശദവിവരങ്ങൾ പി.എം.ജി സ്റ്റുഡന്റ്സ് സെന്റർ ക്യാംപസിലുള്ള സി.എ.സി.ഇ.ഇ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. ഫോൺ: 0471-2302523. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 31.

**തിരുവനന്തപുരം.**

18.12.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**